ട്രെയിനിംഗ് പാർട്ണർ സ്കീം

46 (7011) ശ്രീ. പാലോട് രവി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ട്രെയിനിംഗ് പാർട്ണർ സ്കീമിന്റെ തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നല്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ) ഉണ്ട്. ട്രെയിനിംഗ് പാർട്ണർ സ്കീം പ്രകാരം അസാപ്പിന്റെ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, ഐ.ടി. ട്രെയിനർ (എസ്.ഡി.ഇ) മാരായി പ്രവർത്തിക്കുന്നതിന് 21 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം നൽകുന്നതിന് സർക്കാർ എയ്ഡഡ് കോളേജുകളെ ട്രെയിനിംഗ് പാർട്ണറായി തെരഞ്ഞെടുത്ത് അവധിക്കാലത്ത് പരിശീലനം നടത്തിവരുന്നു.

(ബി) അസാപ്പിന്റെ ഫൗണ്ടേഷൻ മോഡ്യൂളിൽ പരിശീലനം നൽകുന്നതിനാവശ്യമായ ട്രെയിനർമാരെ വാർത്തെടുക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. സർക്കാർ എയ്ഡഡ് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളും ഫാക്കൾറ്റികളെയും ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട അവസാന വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ ഐ.ടി. എന്നിവയിൽ മികച്ച പരിശീലനം നൽകി അവരെ അസാപ് ട്രെയിനർമാരായി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) സംസ്ഥാനത്ത് ഗവണ്മെന്റ് എയ്ഡഡ് കോളേജുകൾ, ഐ.എച്ച്. ആർ.ഡി. സ്ഥാപനങ്ങൾ എന്നിവയാണ് സഹകരിക്കുന്ന ഏജൻസികൾ.

(ഡി) കുറഞ്ഞ ചെലവിൽ വിദഗ്ദ്ധ പരിശീലനം, നിലവിലുള്ള സൗകര്യങ്ങളുടെ അധികസമയ വിനിയോഗം, ഭൗതിക സൗകര്യങ്ങൾ, മനുഷ്യവിഭവശേഷം ഇവയുടെ പരമാവധി വിനിയോഗം എന്നിവ ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly